Santhigiri

ഗുരുവാണി

"ജാതിയില്ലായ്മയിലേക്കുള്ള തിരിച്ചുവരവാണ്
ശാന്തിഗിരിയിലെ കർമ്മം. "

ഉമ്മിണിതങ്കം

VOL 05 | ISSUE 16 | 2019 ഏപ്രിൽ 21 | 1194 മേടം 07

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# നവഒലിജ്യോതിർദിനം സംസ്ഥാനമെങ്ങും പ്രചാരണ പരിപാടികൾ

**സ്പിരിച്ചൽസോൺ:** മെയ് 6 ന് സമാഗതമാകുന്ന നവഒലി ജ്യോതിർദിനം 20 സർവ്വമംഗള സുദിനം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമെങ്ങും വിവിധ പ്രചാരണ പരിപാടികൾ ആരംഭിച്ചു. അഭ്യുദയകാംക്ഷികളേയും നാട്ടുകാരേയും ഉൾപ്പെടുത്തി നടത്തുന്ന 'ഗൃഹനന്മ' കൂട്ടായ്മകളോടെയാണ് പരിപാടികൾ തുടങ്ങിയത്. വിവിധ സന്നദ്ധസംഘടനകളുമായി ചേർന്ന് പൊതുസ്ഥലങ്ങളുടെ ശുചീകരണ പരിപാടി നടന്നുവരുന്നു. ഏപ്രിൽ 28 ന് വിവിധകേന്ദ്രങ്ങളിൽ ശാന്തിയാത്ര നടക്കും. ആശ്രമം ബ്രാഞ്ചുകളിൽ അന്നദാനം നൽകും.

യുവജനങ്ങൾക്ക് നന്മയുടെ അടിസ്ഥാനപ്രമാണങ്ങൾ പകരുന്നതിനും ആധുനികലോകത്ത് നേരിടേണ്ടുന്ന വെല്ലുവിളികളെ തരണം ചെയ്യുന്നതിന് സഹായിക്കുന്നതിനുമായി ശാന്തിഗിരി ശാന്തിമഹിമ, ശാന്തിഗിരി ഗുരുമഹിമ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ശാന്തിമഹിമയുടെ ക്യാമ്പ് 'നന്മയുടെ ഇതളുകൾ' വിവിധ ഏരിയകളിൽ ആരംഭിച്ചു. ഗുരുമഹിമയുടെ ക്യാമ്പ് 'പുണ്യവാഹിനി' ഏപ്രിൽ 26 ന് ആരംഭിക്കും. ശാന്തിഗിരി ഗുരുകാന്തിയുടെ 'സ്നേഹസുമങ്ങൾ' ക്യാമ്പ് നടന്നുവരുന്നു.

ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മെയ് ആദ്യവാരം വിഭവസമാഹരണം നടക്കും. ഭൗമദിനത്തോടനുബന്ധിച്ച് മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ബോധവത്കരണ ക്ലാസ് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആക്കം പകരുന്നതായിരുന്നു. ശാന്തിഗിരി ഗൃഹസ്ഥാശ്രമ സംഘത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 28 ന് പരിസര ശുചീകരണം ഉണ്ടായിരിക്കും. ആശ്രമത്തിന് ചുറ്റുമുള്ള പ്രദേശങ്ങൾ അന്നേ ദിവസം പ്രവർത്തകർ ശുചീകരിക്കും. മെയ് 3 മുതൽ 5 വരെ ആശ്രമത്തിൽ നവഒലി ശാന്തിസംഗമം ഉണ്ടായിരിക്കും. മെയ് 7ന് വൈകുന്നേരം 4.30ന് നടക്കുന്ന ദിവ്യ പൂജാസമർപ്പണം പ്രാർത്ഥനയോടെ ഈ വർഷത്തെ നവഒലിജ്യോതിർദിനാഘോഷങ്ങൾ സമാപിക്കും.



*കോഴിക്കോട് നടന്ന ഗുരുകാന്തി അവധിക്കാല ക്യാമ്പിൽ നിന്ന്*

## ആലോചനായോഗം നടന്നു

**സ്പിരിച്ചൽ സോൺ :** നവഒലിജ്യോതിർദിനം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് തല അവലോകന യോഗം ഏപ്രിൽ 19ന് ചേർന്നു. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യജ്ഞാനതപസ്വി അദ്ധ്യക്ഷതവഹിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയസാന്നിദ്ധ്യമായി. ഡിപ്പാർട്ട്മന്റ് പ്രതിനിധികൾ ആഘോഷത്തിന്റെ ഭാഗമായുള്ള ബജറ്റ് അവതരണം നടത്തി.



## പ്രതിഷ്ഠാപൂർത്തീകരണ വാർഷികം ഏപ്രിൽ 24ന്

**സ്പിരിച്ചൽ സോൺ :** ആശ്രമത്തിലെ പ്രാർത്ഥനാലയത്തിൽ പ്രതിഷ്ഠ നടന്നതിന്റെ പൂർത്തീകരണ വാർഷികം മേടം 10 (ഏപ്രിൽ 24) ബുധനാഴ്ച ആഘോഷിക്കും. രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ നടക്കും. 27 ദിനരാത്രങ്ങളിലെ നിരന്തരമായ പ്രാർത്ഥനകൾക്കൊടുവിൽ 1164 മേടം 10ന് (1989 ഏപ്രിൽ 20) ചിത്രപൗർണ്ണമിക്കാണ് പ്രതിഷ്ഠാസങ്കല്പത്തിന്റെ പൂർത്തീകരണം നടന്നത്.

ഭൗതികദേഹത്തിരുന്നുകൊണ്ടുതന്നെ സ്വപ്രാണനെ പറിച്ചെടുത്ത് മനുഷ്യപരമ്പരയ്ക്കുവേണ്ടി പ്രതിഷ്ഠിച്ച ഗുരുവിന്റെ നിസ്തുല ത്യാഗത്തിന്റെ സുകൃതമാണ് പ്രാർത്ഥനാലയത്തിലെ പ്രാണപ്രതിഷ്ഠം.



# ഗുരുവാണി

ഈശ്വരസ്നേഹം എന്നുപറയുമ്പോൾ മനസ്സിൽ ഈശ്വരന് ഒരു സ്വരൂപം തന്നെ കൽപിക്കണം. എന്തെന്നാൽ ഈശ്വരൻ ഒരു സ്വരൂപം തന്നെയാണ്. അല്ലാതെ ഈശ്വരൻ സർവവ്യാപിയാണ് എന്നുപറഞ്ഞിട്ട് വേറെ എന്തൊക്കെയോ അർത്ഥം പറഞ്ഞുപോയാൽ ഈശ്വരനെ നമുക്കൊരിക്കലും മനസ്സിലാകാതെ പോകും. കഴിഞ്ഞ രണ്ടു യുഗങ്ങളിലായി നാം ആരാധിച്ചുപോന്നിരിക്കുന്നത് സ്വരൂപത്തെത്തന്നെയല്ലേ? ആ ഒരു പരിചയം നിലനിൽക്കുമ്പോൾ, സ്വരൂപമില്ലാത്തതാണ് ഈശ്വരൻ എന്നുപറഞ്ഞാൽ നിങ്ങൾക്കു ബോധ്യപ്പെടുമോ? തന്നെയുമല്ല അതെടുക്കാൻ ബുദ്ധിമുട്ടുള്ളതായിട്ടും വരും.

സ്വരൂപം ഉള്ളതുതന്നെയാണ്. ഒരു കുഞ്ഞിന്റെയോ വലുതിന്റെയോ ഏതിന്റെയെങ്കിലും ഒരു ഫോട്ടോയെടുത്താൽ അതിന്റെരൂപം കാണുന്നതുപോലെ ഈ പ്രകൃതിയിൽ എന്തെല്ലാമുണ്ടോ അതിനെല്ലാം പേരും ഉണ്ട്.

നമ്മുടെ വിഷയമതല്ല. സ്വരൂപം അറ്റുകിട്ടണം. അതായത് കഴിഞ്ഞുപോയ കാലങ്ങളുടെ വെളിച്ചത്തോളം നമ്മൾ ചെന്നെത്തിയാൽത്തന്നെ അതെങ്ങനെ അറ്റുകിട്ടണം എന്നതാണ് വിഷയം. കഴിഞ്ഞുപോയ യുഗങ്ങൾ (ത്രേതാ ദ്വാപരയുഗങ്ങൾ) എപ്പോൾ ആരംഭിച്ചോ, അപ്പോൾ മുതൽ ഇന്നോളം വരെയുള്ള സ്വരൂപധ്യാനമുണ്ട്. അരൂപധ്യാനവുമുണ്ട്. എന്നാൽ അരൂപിയായി നിൽക്കുന്ന ഒരു രംഗത്തെ നമുക്ക് ബോദ്ധ്യപ്പെടാൻ ബുദ്ധിമുട്ടുണ്ട്. പക്ഷേ നമ്മുടെ അടുത്തു തന്നെ അതുണ്ട്. ഈ അരൂപസ്വരൂപം മനസ്സിലായല്ലാതെ നമുക്ക് വ്യക്തമാവുകയില്ല.

അരൂപസ്വരൂപി എന്നുപറഞ്ഞാൽ നാം എന്തുപോലെ മനസ്സിലാക്കണം? ഈശ്വരൻ അരൂപിയാണെന്നാണു നാം പറയുക. ശരിയാണ് അരൂപിയായിട്ടുതന്നെ കാണുകയും ചെയ്യാം. കാണാൻ കഴിയുന്നത് എന്നു പറഞ്ഞാൽ അതിനൊരു രൂപം ഉണ്ടെന്നാണ്. അതായത് ഒരു അണുവിനും ഒരു രൂപമുണ്ടല്ലോ, അണുരൂപത്തിൽ കാണുന്നതും സ്വരൂപമായിട്ട്. എന്നാൽ അതിന് പ്രത്യേകിച്ചൊരു രൂപമില്ല. പക്ഷേ അത് എല്ലാത്തിലും കാണുമ്പോൾ അതിന്റെ നിറത്തിലും ഗുണത്തിലുമൊക്കെ കണ്ടെന്നു വരും. ഈ വർണഗുണഭേദങ്ങളെ തിരിച്ചെടുക്കുന്നതാണു ഗുരു. നമുക്ക് മനസ്സിലാകാത്തത് ഇതാണ്.

ഒരു വിഗ്രഹം വയ്ക്കുന്നത്, ഒരു വിളക്കു വയ്ക്കുന്നത്, ഒരു ചന്ദനത്തിരിതന്നെ കത്തിക്കുന്നത് എന്തോ ഒന്നു മനസ്സിൽ ചിന്തിച്ചിട്ടാണ്. ചിന്തിക്കുന്ന മനസ്സിന്റെ ധാരണാവിശേഷംപോലെ ഈ സ്വരൂപവും മാറിക്കൊണ്ടിരിക്കും. അതായത് മനസ്സിന്റെ ധാരണ എങ്ങനെയാണോ അതുപോലെ സ്വരൂപവും മാറിക്കൊണ്ടിരിക്കും എന്നർത്ഥം. എന്നാൽ ഈ സ്വരൂപങ്ങളെ തമ്മിൽ തിരിച്ചറിയാൻ ദർശനംകൊണ്ടേ പറ്റൂ. അങ്ങനെ ദർശനം കൊണ്ടറിയുന്ന സ്വരൂപത്തെ എങ്ങനെ നമ്മുടേതാക്കി മാറ്റാൻ കഴിയും? അല്ലെങ്കിൽ എങ്ങനെ നമ്മുടേതായി മാറും? ഇതാണു വിഷയം. അപ്പോൾ സ്വരൂപമായാലും അരൂപമായാലും അത് നാം തന്നെയാണ് എന്നു ധരിച്ച് മുന്നോട്ടുപോയാൽ, സ്വരൂപത്തെ പിന്നെ കാണുകയില്ല. ഇതെല്ലാം ഒന്നുതന്നെ. മറ്റൊന്നിനെയും തിരിച്ച് കാണാതെയുമാകുന്നു. ഉദാഹരണമായി, നാം ഒരു ഫോട്ടോയെടുക്കുമ്പോൾ ആ രൂപം വലുതായിട്ടാണ് കാണുന്നത് എന്നു വിചാരിക്കുക. പക്ഷേ ഈ പടത്തിന്റെ വലിപ്പം നോക്കിയാൽ ആ രൂപത്തിന്റെ ഒരു കഷ്ണത്തിൽ ഉൾക്കൊള്ളാനുള്ളതേയുള്ളൂ. പിന്നെ അതിനൊരു പൂർണരൂപമുണ്ട്. ഒരു പ്രത്യേകരൂപമുണ്ട്. ഇങ്ങനെ പെട്ടെന്നുകണ്ട്, ആ കാഴ്ചപ്പാടും അതിലേക്ക് ഓടി എത്തുമ്പോൾ ആ രൂപത്തെ വലുതും ചെറുതുമായിട്ടു കാണുകയില്ല. ഇതിനപ്പുറത്തേക്കുള്ള ഒരു പ്രയാണഗതിയിലാണു പിന്നെ ശ്രദ്ധ. പിന്നെ എല്ലാം നമ്മുടേതായിട്ട് ആയിത്തീരുകയാണ്. അങ്ങനെയേ കാണാവൂ- എല്ലാം നമ്മുടേതായിട്ട്.

എല്ലാം നമ്മുടേതായിട്ടേ കാണാവൂ എന്നു പറയുമ്പോൾ, പ്രപഞ്ചവാദം പറഞ്ഞ് 'നമ്മുടെ വക'യാക്കിപ്പറയുന്നതു പോലെയല്ല, അത് തികച്ചും നമ്മൾ കണ്ടതാണ്. നമ്മൾ കണ്ട വകയെല്ലാം നമ്മുടേതാണ്. എന്നാൽ ഒരുപാടു വകകൾ നമ്മൾ കാണുന്നുണ്ട്. നേരംപുലരുന്നതു മുതൽ നമ്മുടെ ദൃഷ്ടിയിൽ എന്തെല്ലാമാണു പെടുന്നത്! അതെല്ലാം നമ്മുടേതാകുമോ? അത് നമ്മുടേതു മാത്രമല്ല, അനേകം പേരുടേതാണ്. അല്ലെങ്കിൽ അനേകം സ്വഭാവത്തിന്റേതാണ്. ഇങ്ങനെ അനേകം വ്യക്തികളുടെ വകയായിരിക്കുന്ന, അനേകം സ്വഭാവത്തിലിരിക്കുന്ന ഓരോന്നിനെയും എങ്ങനെ തിരിച്ചെടുക്കും? ആ തിരിച്ചെടുക്കലിന് ഒരറിവ് പകരണം. ആ കർമത്തെയാണ് അറിയേണ്ടത്. അത് അരൂപിയാണ്; അതേ സമയം സ്വരൂപിയുമാണ്.

## വചനദീപ്തി

*ഹൃദയസരോജത്തെ സുന്ദരമായി വിടർത്തിക്കൊണ്ടുവരുന്ന*
*പ്രകാശം എപ്പോൾ വരുന്നതും ജ്ഞാനിയായ*
*സദ്ഗുരുവിങ്കൽ നിന്നുതന്നെ.*

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

**25.04.2019 – ശാന്തിപുരം, രത്നഗിരി, സ്നേഹപുരം**

**26.04.2019 – ആനന്ദപുരം**

## യാമപ്രാർത്ഥന

**2019 ഏപ്രിൽ 25 :– 6 AM- 9 AM**

# ഗുരുശിഷ്യബന്ധം

**പ്രകാശപഥം**

നാമെങ്ങനെയാണ് ഗുരുവിനെ കാണേണ്ടത്? ആ ഗുരു നമ്മളുടെ ആരാണ്. നമ്മൾ ഗുരുവിനോടു കാണിക്കുന്ന ആ സ്നേഹവാൽസല്യം തന്റെ അരുമയായി തീരുന്നതെങ്ങനെയാണ്? ആ അവകാശബോധം എങ്ങനെയാണ്? ആ ഒരു സന്ദർഭത്തെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കൂ. കാരണം ഗുരു ഇന്നതാണെന്ന് നാം അറിയും. അറിഞ്ഞിട്ട് നമുക്ക് എടുക്കാൻ കഴിയാത്ത മാനുഷിക ചേതനകൾ കൊണ്ട് മൂടപ്പെട്ടിരിക്കുന്ന തന്റെ ശരീരവും തന്റെ പ്രകൃതിയും ഇതിനെ പൊട്ടിച്ചുകളയുന്ന ഒരു ഭാഗം ഭക്തികൊണ്ടു വരണം. അതാണ് ഭക്തിയുടെ നിർമലത്വം എന്നു പറയുന്നത്. അവിടെയാണ് 'ആത്മാനാത്മനിവേദിതം' എന്നു പറയുന്നതും 'ആത്മാനാത്മവിവേചനം' എന്നു പറയുന്നതും. അവിടെ 'ജഡമറവീലറിവിന്നു ചിന്തയില്ലാതിടുകയുമില്ലെന്നറിവെന്നറിഞ്ഞു സർവം' എന്നു പറയുന്ന ഭാഗവും ബോധമില്ല എന്നു പറയുന്ന ഭാഗവും ചെന്നിട്ട് മൃദുവായി ഈശ്വരൻ എന്ന അമൃതത്വത്തിലേക്കു വന്നിട്ട് തന്റെ ഗുരുവും ശിഷ്യനുമായി മാറുന്ന ആ രംഗം നമ്മൾ അനുഭവിച്ചറിയും. ആ അനുഭവം ഈ പ്രകൃതിയിലെ അന്തരീക്ഷമലിനീകരണങ്ങളെന്നു പറയുന്ന ഭാഗത്തെ പൊട്ടിച്ചിട്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ, സങ്കല്പമാത്രേണ പരമേശ്വര എന്നുപറയുന്ന ഭാഗത്ത് ശാന്തിഗിരിയുടെ ഏറ്റവും വലിയ ലക്ഷ്യമായി നിൽക്കുന്ന, യുഗാന്തരങ്ങളിലേക്കു നാം നിവൃത്തിച്ചു വന്ന തെറ്റിനെ അല്ലെങ്കിൽ മന്വന്തരം കൊണ്ട് പൊട്ടിച്ചെറിഞ്ഞിട്ട് ആ മന്വന്തരത്തിൽ ഏതേത് ഭാഗത്ത് തന്റെ ഗുരു ജനിച്ചിരുന്നു, ഏതേതു പ്രകാശത്തിൽ താനും ശിഷ്യനുമായിട്ട് പങ്കുവച്ചിരുന്നു എന്നു കണ്ടിട്ട് അവിടെ ദീർഘദർശിത്വം കൊണ്ട് പൊട്ടിച്ചെറിയണം. അതാണ് ഓരോ കാലത്തും ഗുരുവിന്റെ ധർമം. അങ്ങനെ തന്റെ ഗുരു ഏതെല്ലാം കാലാന്തരഗുരുവായി ജനിച്ചിരുന്നു, ഒരു കാലാന്തരഗുരുവാകാൻ ഏതെല്ലാം സൗരയൂഥങ്ങൾ വഹിച്ചവനായിരിക്കണം, ഏതെല്ലാം സൗരയൂഥത്തിൽ അവൻ ദൈവപ്രകാശത്തെ വലയം പ്രാപിച്ചു നിന്നിരുന്നു, ഏതെല്ലാം സൗരയൂഥത്തിന്റെ ഉൽഭവസ്ഥാനത്തിൽ അവൻ ഈ ഗോളാന്തരത്തിന്റെ സ്വഭാവത്തെ ലയിപ്പിച്ചിട്ട് ബ്രഹ്മത്തിനതീതമായ ആ കനിവിന്റെ സ്വഭാവത്തിലേക്ക് കർമത്തിൻ ഭാഗത്തേക്ക് എങ്ങനെ വന്നു എന്നറിയണം. അതാണ് ഒരു ഗുരുശിഷ്യബന്ധം.

അങ്ങനെ നാം സ്വയം ആ കർമത്തിലേക്കു ലയിച്ചുപോകുന്ന ഒരു സന്ദർഭമാണ് നാം കുംഭമേളയായിട്ടും, അങ്ങനെ ഏതെല്ലാം ഒലികളുടെ പ്രകാശരൂപങ്ങളുണ്ടോ ആ പ്രകാശരൂപങ്ങളിൽ താനും തന്റെ ഗുരുവുമായി സംഗമിക്കുന്ന ആ ഭക്തിനിർഭരമായ ശുഭമുഹൂർത്തം – ആ മുഹൂർത്തം സർവ്വമംഗളസുദിനം എന്നു ബ്രഹ്മത്തിൽനിന്നും അറിയിച്ച അറിവിനെ നാം എടുത്തു പറയും. കാരണം നമുക്കത്രയേ അറിയാവൂ. അത്രയും നാം ധരിക്കുക. അങ്ങനെ ബ്രഹ്മേച്ഛയുടെ പരിവേഷമണിഞ്ഞു നിൽക്കുന്ന ആ പുരുഷാകൃതി പൂണ്ട ദൈവമായിരിക്കുന്ന തന്റെ ഗുരു സാക്ഷാൽ ബ്രഹ്മസ്വരൂപനായി തന്നെ പ്രത്യക്ഷാവഹം ധർമം എന്ന നിലയിൽ ഇന്നതുപോലെ ഞാൻ ഭരിക്കും ഇന്നതുപോലെ ഭരിപ്പിക്കും, ഞാൻ തന്നെയായിരിക്കും ഇനി വരുന്ന യുഗങ്ങളിൽ യുഗപുരുഷൻ അല്ലെങ്കിൽ എന്റെ പ്രകാശരൂപം തന്നെയായിരിക്കും നിങ്ങൾക്കു സാക്ഷിയായി നിന്നു പറഞ്ഞുതരുന്നത് അല്ലെങ്കിൽ പ്രത്യക്ഷീഭവിച്ചു നിന്നു പറയുന്നത്.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ജീവനിൽ അന്തർലീനമായിരിക്കുന്ന ഈശ്വരാംശം തെളിക്കുന്ന വഴി

പ്രകൃതിയിൽ സകലതും സമ്മിശ്രമായി നിലനിൽക്കുന്നതായാണ് നാം കാണുന്നത്. പലവിധ മാലിന്യങ്ങളും ലോഹങ്ങളും ചേർന്ന മിശ്രിതത്തിൽ നിന്നാണ് ലോഹങ്ങളിൽ രാജപദവിയുള്ള സ്വർണ്ണം ശുദ്ധീകരിച്ചെടുക്കുന്നത്. ഈ ശുദ്ധീകരണപ്രക്രിയ എത്രത്തോളം കുറ്റമറ്റതാണോ അത്രകണ്ടിരിക്കും സ്വർണ്ണത്തിന്റെ മാറ്റ്. ഇതുപോലെ മനുഷ്യ ജീവനിൽ അന്തർലീനമായിരിക്കുന്ന ദൈവികത്വത്തെയും മനുഷ്യത്വത്തേയും മൃഗീയവാസനകളുടെയും നീചത്വത്തിന്റെയും കർമദോഷങ്ങളുടെയും മിശ്രിതത്തിൽ നിന്നും തെളിച്ചെടുത്ത് എത്രത്തോളം ശുദ്ധീകരിക്കുന്നുവോ അത്രമാത്രം ഒരുവന്റെ ആത്മപ്രഭാവം വികസിതമാവുകയും സർവ്വാദരണീയനാവുകയും ചെയ്യുന്നു. പാരമ്പര്യമായി ജീവനിൽ കുടികൊള്ളുന്ന അഷ്ടരാഗങ്ങളെ നിർധാരണം ചെയ്ത് മനുഷ്യത്വവും നന്മയുടെ അളവും വളർത്തി എടുക്കുന്നതനുസരിച്ച് ഒരുവൻ സംസ്കാരസമ്പന്നനാവുന്നു. സാംസ്കാരരഹിതമായ പെരുമാറ്റവും താഴ്ന്ന അളവിനെയാണ് പ്രകടമാക്കുന്നത്.

ജീവനിലന്തർലീനമായിരിക്കുന്ന ഈശ്വരാംശത്തെ തെളിച്ചെടുത്ത് ദൈവപ്രകാശവുമായി നഷ്ടപ്പെട്ടുപോയ പാരസ്പര്യം വീണ്ടെടുക്കുക എന്നതാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. ഭൗതികജീവിതവും കുടുംബജീവിതവും മായയെന്നു പറഞ്ഞു നിരാകരിച്ച് വേഷം മാറി വേദാന്തം പറഞ്ഞ് യഥാർത്ഥ ജീവിതത്തിൽ നിന്ന് ഒളിച്ചോടുകയല്ല ഈ ലക്ഷ്യത്തിലേക്കുള്ള മാർഗം. ഐശ്വര്യപൂർണമായ ഭൗതികജീവിതത്തിൽക്കൂടി ആത്മീയ വളർച്ചാവികാസം കൈവരിക്കുവാൻ നമ്മെ പ്രാപ്തമാക്കുന്ന മാർഗവും മാർഗദർശനവും കണ്ടെത്തി പിൻതുടരുക എന്നതുമാത്രമാണ് പോംവഴി. അങ്ങനെയുള്ള ഒരു മാർഗവും മാർഗദർശനവും കണ്ടെത്തിയാൽത്തന്നെ അതു സ്വീകരിക്കുവാൻ കഴിയുക എന്നത് ഒരുവന്റെ ഭാഗ്യം എന്നേ പറയാൻ കഴിയൂ. സ്വീകരിച്ചതുകൊണ്ടു മാത്രം മനുഷ്യത്വവും ദൈവപ്രകാശവും നമ്മിൽ വളരുകയില്ല. ആ മാർഗദർശനം പിൻപറ്റി ജീവിക്കുക എന്ന ഭാഗത്താണ് എല്ലാ പരമ്പരകളും ദർശനങ്ങളും തോറ്റിരിക്കുന്നത്.

അറിവിന്റേയും സംസ്കാരത്തിന്റേയും സമ്പത്തിന്റേയും കുലമഹിമയുടേയും മതത്തിന്റെയും വ്യത്യാസമില്ലാതെ എല്ലാ വിഭാഗം മനുഷ്യർക്കും പങ്കാളികളാകാനും പരിപാലിച്ചെടുക്കാനും കഴിയുന്ന ലഘുത്വമാർന്ന ഒരു വഴിയാണ് ഗുരു നമുക്കായി സ്ഥാപിച്ചു തന്നിരിക്കുന്നത്. ഇനി ഒരിക്കലും തെറ്റിപ്പോകാതെ, ഇന്നു കാണുന്നതിലും നിന്ദ്യനും നീചനും ലോകത്തുണ്ടാകാതിരിക്കാൻ സകല ജനവിഭാഗങ്ങൾക്കും ജീവിതത്തിൽ പകർത്താനും പിൻതുടരാനും പറ്റിയരീതിയിലാണ് ആത്മീയതയും ഭൗതികതയും ഗുരു ഇണക്കി നമുക്കു തന്നിരിക്കുന്നത്. അവനവനു പ്രാപ്തമായ കർമ്മസരണികളും വ്രതങ്ങളും പ്രാർത്ഥനാസങ്കൽപ്പങ്ങളും ഒരുക്കിത്തന്നു കാലധർമം നമ്മെക്കൊണ്ടു പ്രവർത്തിപ്പിച്ചു കർമ്മദോഷങ്ങളിൽ നിന്നും ആരാധനാദോഷങ്ങളിൽ നിന്നും ഗുരു നമ്മെ മോചനപ്പെടുത്തുന്നു. പാരമ്പര്യ ജന്മവാസനകളേയും കർമദോഷങ്ങളെയും മാറ്റി നമ്മുടെ ജീവനെ പരിവർത്തനം ചെയ്തെടുക്കാൻ ഗുരുവായി നമുക്കൊരുക്കിത്തരുന്ന അവസരങ്ങളാണ് വ്രതശുദ്ധിയോടെയുള്ള പ്രത്യേകപ്രാർത്ഥനാസങ്കൽപങ്ങൾ.

നമ്മുടെ സർവ്വസ്വവുമായ ഗുരു ആദിസങ്കൽപ്പത്തിൽ ലയിച്ചു നവഒലിയായതിന്റെ 20 വർഷം പൂർത്തിയാകുന്ന 2019 മെയ് 6 നോടനുബന്ധിച്ചു പരമ്പര ആചരിക്കുന്ന 72 ദിനരാത്രങ്ങളിലെ പ്രാർത്ഥനാസങ്കൽപങ്ങളുടെയും വ്രതശുദ്ധിയുടെയും കാലയളവു നമ്മുടെ ജീവന്റെ ശുദ്ധീകരണത്തിന്, അക്രമവും അശാന്തിയും കൊണ്ട് കലുഷിതമായ ഈ സൂക്ഷ്മ സ്ഥൂല അന്തരീക്ഷങ്ങളുടെ ശുദ്ധീകരണത്തിന് വഴിയൊരുക്കണമേ എന്നു നമുക്കു ഗുരുവിനോട് പ്രാർത്ഥിക്കാം.

# ഗുരുകാന്തി അവധിക്കാല പഠനക്യാമ്പ് ശ്രദ്ധേയം

**എജ്യുക്കേഷൻ സോൺ:** ഈ വർഷത്തെ ശാന്തിഗിരി ഗുരുകാന്തി അവധിക്കാല ക്യാമ്പ് 'സ്നേഹസുമങ്ങൾ'വ്യത്യസ്ഥങ്ങളായ പരിപാടികളാൽ ശ്രദ്ധേയമാകുന്നു. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഒരു മണിക്കൂർ നീളുന്ന പരിസര ശുചീകരണത്തോടെയാണ് ക്യാമ്പ് ആരംഭിക്കുന്നത്. 10 മണിക്ക് നടക്കുന്ന പ്രാർത്ഥനക്കു ശേഷം മഹാന്മാരുടെ പുസ്തകങ്ങൾ, 'സ്നേഹത്തിന്റെ ഓളങ്ങൾ', ഗുണപാഠ കഥകൾ ഇവ അധ്യാപകർ പറഞ്ഞുകൊടുക്കുന്നു. കുട്ടികളുടെ ഇംഗ്ലീഷ്-മലയാളം പത്രപാരായണത്തെ തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടക്കും. 12 മണിയുടെ ആരാധനക്കും ഉച്ചഭക്ഷണത്തിനു ശേഷം 2.30 ന് ക്യാമ്പ് പുനരാരംഭിക്കും. കരകൗശല പരിശീലനം മാനസിക വികസന ക്ലാസുകൾ തുടങ്ങിയവ നടക്കും. 4 മണിമുതൽ കുട്ടികൾ വിവിധതരം കളികളിൽ ഏർപ്പെടും. ശനിയാഴ്ചകളിൽ 'ശാന്തി' മൂല്യനൈപുണ്യ പദ്ധതിയും നടന്നുവരുന്നു. എൽ.കെ.ജി മുതൽ 7-ാം ക്ലാസ് വരെയുള്ള നൂറിലധികം കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കുന്നു.



*ഗുരുകാന്തി 'സ്നേഹസുമങ്ങൾ' ക്യാമ്പിൽ നിന്ന്*

# വിശ്വസംസ്കൃതി കലാരംഗത്തിന് അഫിലിയേഷൻ പുതുക്കി ലഭിച്ചു

**റിസർച്ച് സോൺ:** ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന് കേരള സംഗീത നാടക അക്കാദമിയുടെ അഫിലിയേഷൻ പുതുക്കി ലഭിച്ചു. 2013 ലാണ് ആദ്യമായി അഫിലിയേഷൻ ലഭിച്ചത്. തുടർന്നുള്ള കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളെ പരിഗണിച്ചാണ് അഫിലിയേഷൻ പുതുക്കി നൽകിയത്. വിശ്വസംസ്കൃതി കലാരംഗത്തിൽ കർണ്ണാടക സംഗീതം വോക്കൽ, കീബോർഡ്, വയലിൻ, ഗിറ്റാർ, പഞ്ചവാദ്യം, ചെണ്ടമേളം ക്ലാസുകൾ നടന്നുവരുന്നു.

പുതുതായി നാദസ്വരം, പുല്ലാങ്കുഴൽ, ചിത്രരചന ക്ലാസുകളും ഉടൻ ആരംഭിക്കും. ശാന്തിഗിരി ക്വയറിന്റെ പരിശീലനവും നടക്കുന്നു. ആശ്രമത്തിന്റെ ആഘോഷസന്ദർഭങ്ങളോടനുബന്ധിച്ച് വിശ്വസംസ്കൃതി കലാരംഗം പ്രവർത്തകർ കലാപരിപാടികളും വാദ്യമേളങ്ങളും അവതരിപ്പിക്കാറുണ്ട്.



*കോട്ടയം തിരുനക്കരയിൽ ആരംഭിച്ച ശാന്തിഗിരി ഷോപ്പിംഗ് സെന്ററിന്റെ ഉദ്ഘാടനം സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി നിർവഹിക്കുന്നു*

# പാലാരിവട്ടം ആശ്രമം ബ്രാഞ്ച് പ്രതിഷ്ഠാവാർഷികം ഏപ്രിൽ 25ന്

**എറണാകുളം :** ശാന്തിഗിരി ആശ്രമം പാലാരിവട്ടം ബ്രാഞ്ചിന്റെ 23-ാം വാർഷികം 1194 മേടം 11ന് (ഏപ്രിൽ 25ന്) ആഘോഷിക്കും. രാവിലെ 6ന് ധ്വജാരോഹണം, പുഷ്പസമർപ്പണം. രാവിലെ 10 മണിക്ക് പൊതുസമ്മേളനം നടക്കും. മുതിർന്ന അഞ്ച് സാംസ്കാരിക പ്രവർത്തകരെ ചടങ്ങിൽ ആദരിക്കും. ഉച്ചയ്ക്ക് 12 മണിക്ക് ഗുരുപൂജ, വൈകുന്നേരം 6 മണിയുടെ ആരാധനയ്ക്കുശേഷം ദീപപ്രദക്ഷിണം. രാത്രി 9 മണി മുതൽ കലാപരിപാടികൾ ഉണ്ടായിരിക്കും.



*ശാന്തിഗിരി ആശ്രമം പാലാരിവട്ടം ബ്രാഞ്ച്*

# ദിവംഗതരായി

**സ്നേഹപുരം :** കോലിയക്കോട് സ്നേഹപുരം 'കരുണവിലാസ'ത്തിൽ കെ ബാലകൃഷ്ണപിള്ള (69) ഏപ്രിൽ 19ന് ദിവംഗതനായി. സംസ്ക്കാരം നടന്നു. സെയിൽസ്ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിരമിച്ചശേഷം ആശ്രമം ഗസ്റ്റ് ഹൗസ് മാനേജറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ : കലാവതി, മക്കൾ : മഞ്ചു കൃഷ്ണ (ടീച്ചർ, എസ്.വി.ബി.എച്ച്.എസ്.എസ്.),ഡോ. രമ്യ കൃഷ്ണ(ശാന്തിഗിരി ആയുർവേദ ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) മരുമക്കൾ : പി.വി തിരുമേനി, ഡോ.നാഗരാജൻ രാജേഷ്.



കെ ബാലകൃഷ്ണപിള്ള

**കൈമനം :** തിരുവനന്തപുരം പാപ്പനംകോട് കൈമനം ഉഷസ്സിൽ ആർ. ചന്ദ്രശേഖരൻ തമ്പി (88) ഏപ്രിൽ 18ന് ദിവംഗതനായി. സംസ്കാരം നടന്നു. റിട്ട.ആർമി ഉദ്യോഗസ്ഥനാണ്. ഭാര്യ: സീതാലക്ഷ്മി അമ്മ. മക്കൾ: ഉഷാതമ്പി, ഹരീഷ് ചന്ദ്രൻ തമ്പി. മരുമക്കൾ: കൃഷ്ണകുമാർ, രൂപ പി.നായർ



ആർ. ചന്ദ്രശേഖരൻ തമ്പി

**കുറ്റ്യാടി :** വടകര കുറ്റ്യാടി ഗുരുദീപത്തിൽ രാഘവൻ കെ.പി. (64) ഏപ്രിൽ 18ന് ദിവംഗതനായി. സംസ്കാരം നടന്നു. റിട്ട. അദ്ധ്യാപകനാണ്.

ഭാര്യ :അനിത. മക്കൾ :അമ്പിളി ശ്രീരാഗ് ( ടീച്ചർ, എസ്.വി.ബി.എസ്.എസ്.എസ്.),അർച്ചിത് ശ്രീരാഗ്. മരുമകൻ : അശ്വിൻ പി.



രാഘവൻ കെ.പി.

# എൻട്രൻസ് പരിശീലന ക്ലാസുകൾ

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂളിൽ മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷക്ക് കുട്ടികളെ തയ്യാറാക്കുവാനായി എൻട്രൻസ് പരിശീലന ക്ലാസുകൾ നടന്നുവരുന്നു. മെയ് ആദ്യ ആഴ്ചയാണ് പരീക്ഷകൾ നടക്കുന്നത്. പാലാ, തിരുവനന്തപുരം തുടങ്ങിയ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിലെ പ്രശസ്തരായ അധ്യാപകരാണ് ക്ലാസുകൾ നയിക്കുന്നത്. അടുത്ത അധ്യായന വർഷത്തേക്കുള്ള പ്ലസ് വൺ, പ്ലസ് ടു സയൻസ് ബാച്ച് വിദ്യാർത്ഥികൾക്കായുള്ള ട്യൂഷനും എൻട്രൻസ് പരിശീലനവും ആരംഭിച്ചിരിക്കുന്നു. വിദഗ്ധരായ അധ്യാപകർ നടത്തുന്ന ക്ലാസുകൾ കുട്ടികൾക്ക് ഏറെ ഗുണപ്രദമാണെന്നു രക്ഷിതാക്കളും വിദ്യാർത്ഥികളും ഒരുപോലെ അഭിപ്രായപ്പെടുന്നു. വിവരങ്ങൾക്ക് : 8113925007, 8111882399.

# വാർഷികം

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഭഗിനിനികേതൻ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചതിന്റെ വാർഷികം ഏപ്രിൽ 19ന് നടന്നു. സ്റ്റാഫംഗങ്ങൾ തട്ടം സമർപ്പിച്ചു. 1998 ഏപ്രിൽ 19നാണ് ശാന്തിഗിരി ഭഗിനിനികേതൻ ഹെൽത്ത്കെയർ സോണിലെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത്.



*നവഒലിജ്യോതിർദിനത്തോടനുബന്ധിച്ച് നെടുമങ്ങാട് ജില്ലാ ആശുപത്രി ശുചീകരണത്തിന് തുടക്കം കുറിക്കുന്നു*

# രാജ്യം തിരഞ്ഞെടുപ്പിലേക്ക് നീങ്ങുമ്പോൾ

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

ജനാധിപത്യത്തിൽ നിലപാടുകൾ അറിയിക്കേണ്ടത് വോട്ട് ചെയ്താണ്. നമ്മുടെ കയ്യിലുള്ളത് വോട്ട് എന്ന ആയുധമാണ്. വോട്ട് ചെയ്യാത്തവർ രാജ്യത്തെ പൗരനാണെന്ന് പറയുന്നതുപോലും ശരിയല്ല. രോഗബാധിതരായി കിടക്കുന്നവർക്കും അതുപോലുള്ള സാഹചര്യങ്ങളിൽപ്പെട്ടുപോയവർക്കും വോട്ടുചെയ്യാൻ സാധിച്ചു എന്നുവരുകയില്ല. എന്നാൽ സമയമുണ്ടായിട്ടും ശ്രമിച്ചാൽ വരാവുന്ന അകലത്തിലുണ്ടായിരുന്നിട്ടും വോട്ടു ചെയ്യാതെ മാറിനിൽക്കുന്നവർ തികച്ചും രാജ്യത്തിന്റെ വികസനത്തിനൊപ്പം നിൽക്കുന്നവരല്ല എന്നുതന്നെ തറപ്പിച്ച് പറയേണ്ടിയിരിക്കുന്നു.

ഈ അവസരത്തിൽ കളക്ടർ ബ്രോ എന്ന് നമ്മുടെ ഇളം തലമുറവിളിച്ചിരുന്ന എൻ പ്രശാന്ത് എന്ന ഐ.എ.എസ് കാരൻ യുവാവിന്റെ വോട്ട് രേഖപ്പെടുത്താനുള്ള അവകാശം എല്ലാവരും ഉപയോഗിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടുള്ള എഫ്.ബി പോസ്റ്റാണ് എന്റെ ഓർമ്മയിൽ ആദ്യം എത്തുന്നത്. 'ഓ..എന്റെ ഒരു വോട്ടല്ലേ..അതിപ്പോ എന്ത് വ്യത്യാസം വരുത്താൻ എന്ന് ചിന്തിക്കുന്നവരുണ്ട്. ഒരു മഴത്തുള്ളി നിസ്സാരനാണെങ്കിലും ഭൂമിയെ വിറപ്പിച്ച് പേമാരി പെയ്തിറങ്ങുന്നത് ഒട്ടനവധി മഴത്തുള്ളികൾ ഒരുമിക്കുമ്പോഴാണ്. വോട്ടും അങ്ങനെ തന്നെയാണ്. നിർഭയമായും നിഷ്പക്ഷമായും നമ്മൾ സമ്മതിദാനവകാശം വിനിയോഗിച്ച് രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയിൽ സജീവമായ ഇടപെടൽ നടത്തണമെന്ന് ഞാൻ എല്ലാ വോട്ടർമാരോടും ആവശ്യപ്പെടുന്നു. പ്രലോഭനങ്ങൾക്ക് വഴങ്ങാതെ ജനാധിപത്യ പ്രക്രിയ ഒരുത്സവം പോലെ ആഘോഷിക്കപ്പെടേണ്ടതാണ്.

ജനാധിപത്യമെന്ന പദം കൊണ്ട് അർഥമാക്കുന്നത് ജനങ്ങളാണ് അധിപന്മാർ എന്നാണ്. ഇവിടെ ജനങ്ങൾക്കാണ് ആധിപത്യം. ദശലക്ഷകണക്കിനാളുകൾ പാർലമെന്റിൽ പോയി ഇരിക്കുന്നത് പ്രായോഗികമല്ലാതതിനാലാണ് നമ്മൾ നമ്മുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്.

തെരഞ്ഞെടുപ്പു സമ്പ്രദായം ആരംഭിച്ചത് എന്നു മുതലാണ് എന്നതിന് കൃത്യമായ രേഖകളില്ല. പല പ്രാചീന സംസ്കാരങ്ങളിലും തെരഞ്ഞെടുപ്പിന്റെ ആദിരൂപങ്ങൾ ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. മഹാഭാരതം, അർഥശാസ്ത്രം തുടങ്ങിയ കൃതികളിലെ സൂചനകളിൽനിന്ന് ഇന്ത്യയിൽ പുരാതനകാലം മുതൽ തെരഞ്ഞെടുപ്പിനു സമാനമായ ജനപങ്കാളിത്തം നിലനിന്നിരുന്നതായി അനുമാനിക്കുന്നു. ഇന്ത്യയിൽ 1892–ൽ ബ്രിട്ടീഷുകാർ തെരഞ്ഞെടുപ്പ് നടത്തിയിരുന്നു. എന്നാൽ ഇത് പൂർണ ജനപങ്കാളിത്തമുള്ളതായിരുന്നില്ല. ജനകീയമായ തെരഞ്ഞെടുപ്പുതത്ത്വം ആദ്യമായി അംഗീകരിക്കപ്പെട്ടത് 1909–ൽ ആണ്. സ്വതന്ത്ര ഇന്ത്യയിൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് 1952–ൽ നടന്നു.




### ബൃഹത്തായ തെരഞ്ഞെടുപ്പ് പ്രക്രിയ

ഇത്തവണ ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പരിഷ്കരിച്ച വോട്ടർപട്ടിക പ്രകാരം സംസ്ഥാനത്ത് ഏഴ് ലക്ഷം വോട്ടർമാർ കൂടിയിട്ടുണ്ട്. ആകെ വോട്ടർമാരുടെ എണ്ണം 2,61,51,534ആയി ഉയർന്നു. 173 ട്രാൻസ്ജെൻഡറുകൾക്ക് ഇത്തവണ വോട്ടവകാശം ലഭിക്കുന്നുണ്ട്. കന്നിവോട്ടർമാരുടെ എണ്ണത്തിൽ ഒരുലക്ഷത്തിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്.

വിസ്തൃതികൊണ്ടും ജനസഖ്യകൊണ്ടും ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ്. ഇന്ത്യയിലെ ജനങ്ങളുടെ രാഷ്ട്രീയമനോഭാവം പോലും ഏറെ വ്യത്യസ്തമാണ്.അതിനാൽ തന്നെ ദേശീയ രാഷ്ട്രീയം നിർണയിക്കുമ്പോൾ പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഇന്ത്യയിൽ വലിയ പ്രാധാന്യം ഉണ്ടായി. എല്ലാ പൊതു തിരഞ്ഞെടുപ്പുകളും വാശിയും വീറുമുറ്റ ജനാധിപത്യ മത്സരമാണ്. 135 കോടി ജനങ്ങളുള്ള ഇന്ത്യയിൽ അഞ്ചുവർഷത്തെ ഭരണം നിശ്ചയിക്കപ്പെടുമ്പോൾ ജനങ്ങളുടെ പങ്കാളിത്തം പോളിംഗിൽ വളരെ പ്രധാനമാണ്.

29 സംസ്ഥാനങ്ങളിലും 7 യൂണിയൻ ഭരണ പ്രദേശങ്ങളിലും ഡൽഹിയിലും ഏഴുഘട്ടങ്ങളിലായി ഒന്നരമാസത്തിലേറെ നീണ്ട വോട്ടെടുപ്പാണ് ഇത്തവണത്തേത്.ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഉത്തർപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ബീഹാർ, തമിഴ്നാട്, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ പല ഘട്ടങ്ങളിലായിട്ടാണ് വോട്ടെടുപ്പ് നിശ്ചയിച്ചിട്ടുള്ളത്.

### വോട്ടെടുപ്പും ജനങ്ങളും

'ഓരോ വോട്ടും ഓരോ പൗരന്റെയും അവകാശമാണ്. ഓരോ വോട്ടും സൂചിപ്പിക്കുന്നത് രാജ്യത്തിന്റെ വികസനത്തിനായി സംഭാവന ചെയ്യാനുള്ള സന്നദ്ധതയാണ്. ഓരോ വോട്ടിലൂടെയും ജനങ്ങൾ രാജ്യത്തിന്റെ പ്രതീക്ഷകളേയും സ്വപ്നങ്ങളേയും ബന്ധിപ്പിക്കുന്നു.ശക്തമായ ജനാധിപത്യത്തിന് ശക്തമായ വോട്ട് തന്നെ വേണമെന്ന് നിർബന്ധം.ശക്തമായ ജനാധിപത്യത്തിന് വേണ്ടി ഓരോരുത്തരും തങ്ങളുടെ സമ്മതിദാനം വിനിയോഗിക്കുന്നു. അങ്ങനെ ഒരു വികസിത രാജ്യത്തെ പണിതുയർത്തുന്നു. ഇങ്ങനെയാണ് വോട്ടും തിരഞ്ഞെടുപ്പും വരുമ്പോൾ ഓരോ ഇന്ത്യൻ പൗരനും വിശ്വസിക്കുന്നതും പ്രതീക്ഷിക്കുന്നതും. തീർച്ചയായും ചരിത്രം അടയാളപ്പെടുത്തുന്നത് ഭൂമിയിൽ ജീവിച്ചു മരിച്ച എല്ലാ മനുഷ്യരെക്കുറിച്ചോ എല്ലാ മണ്ണിനെക്കുറിച്ചോ അല്ല. ചരിത്രം അടയാളപ്പെടുത്തുന്നത്ചരിത്രം തിരുത്തിയവരെക്കുറിച്ചും അതിന് സാക്ഷ്യം വഹിച്ച മണ്ണിനെക്കുറിച്ചുമാണ്. അതിന് നാം ഓരോരുത്തരും ശ്രമിക്കണം. അതിന് നമ്മുടെ സമ്മദിദാനാവകാശം ശരിയായരീതിയിൽ വിനിയോഗിക്കുക തന്നെ വേണം.

### വോട്ടെടുപ്പിന്റെ പ്രാധാന്യം

കോടിക്കണക്കിന് വോട്ടർമാരുള്ള ഇന്ത്യയിൽ നല്ല ശതമാനം പോളിംഗ് രേഖപ്പെടുത്തണമെന്നാണ്. എന്നാൽ ജനങ്ങളിൽ നാലിൽ ഒന്നിന്റെ പോലും പ്രാതിനിധ്യം വോട്ടിന്റെ എണ്ണം കൊണ്ട് ജനപ്രതിനിധിയായി മത്സരിക്കുന്നയാൾക്ക് ഉണ്ടായെന്ന് വരില്ല. ഭൂരിപക്ഷം വോട്ടർമാരും വോട്ട് ചെയ്യാതിരുന്നാൽ ന്യൂനപക്ഷങ്ങളുടെ പ്രതിനിധി ഭൂരിപക്ഷത്തെ ഭരിക്കുന്ന വിരോധാഭാസം സംജാതമാകും. നമ്മുടെ ജനാധിപത്യ സമ്പ്രദായത്തിലെ ഏറ്റവും വലിയ പരിമിതിയാണ്ഇത്. വോട്ടർമാർ എല്ലാവരും വോട്ടെടുപ്പിൽ പങ്കെടുക്കുക തന്നെയാണ് ഇതിനുള്ള മാർഗവും. യുവജന പ്രാതിനിധ്യം അവകാശപ്പെടാവുന്ന ഒരു ജനാധിപത്യ പ്രക്രിയ ഭൂമുഖത്ത് ഇന്ത്യയിലല്ലാതെ വേറെങ്ങും ഇല്ല. മാറിയ കാലത്തിന്റെ ശീലത്തിനും അഭിരുചിക്കും ഇണങ്ങും വിധം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവയെല്ലാം ഉൾക്കൊള്ളുമെങ്കിൽ ഇന്ത്യയ്ക്ക് ഉത്തമമായ ഒരു ഭരണകൂടത്തെ ലഭിക്കുമെന്ന് ഉറപ്പാണ്.

## പൊതു അവധി

**എജ്യൂക്കേഷൻ സോൺ :** ലോക്സഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാപനങ്ങൾക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനായി ഏപ്രിൽ 23ന് ആശ്രമത്തിന്റെ എല്ലാ പ്രവർത്തനമേഖലകൾക്കും അവധിയായിരിക്കുമെന്ന് ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിൽ നിന്നും അറിയിച്ചു.





## നിർമ്മാണസാമഗ്രികൾക്ക് സമീപിക്കുക

**മണൽ, മെറ്റൽ, ചുടുകല്ല് മൊത്തമായും ചില്ലറയായും സൈറ്റിലെത്തിച്ചു തരുന്നു...**

**പമ്പ് സെറ്റ്, ടാങ്ക്, കോൺക്രീറ്റ് തട്ട് ഷീറ്റ് എന്നിവ മിതമായ നിരക്കിൽ വാടകയ്ക്ക്....**

**ആവശ്യാനുസരണം കുടിവെള്ളവും നിർമ്മാണാവശ്യത്തിനുള്ള വെള്ളവും ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തിച്ചുകൊടുക്കുന്നു...**

**മധു- 9847735679, പൂലന്തറ, ശാന്തിഗിരി പി.ഒ.**




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala